# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189 - 09/12/2014 - ലെ മറുപടിക്ക്

## ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനം

| ചോദ്യം<br><br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യൂ .റ്റി. തോമസ്<br>ശ്രീമതി. ജമീല പ്രകാശം<br>ശ്രീ.സി.കെ.നാണു | ഉത്തരം<br><br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തിന്റെ ആഭ്യന്തര കടം 2011 ൽ നിന്നും എത്ര വർദ്ധിച്ചുവെന്ന് വ്യക്തമാക്കാമോ; | സംസ്ഥാനത്തിന്റെ ആഭ്യന്തര കടം 2011 ലെ 48528.10 കോടി രൂപയിൽ നിന്ന് 31.10.2014 ൽ 83903.28 കോടി രൂപയായി (72.90 %) വർദ്ധിച്ചിട്ടുണ്ട്. |
| (ബി) നികുതി പിരിവിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; ഇത് വഴി ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; | നടപ്പു സാമ്പത്തിക വർഷം നികുതി പിരിവിൽ വീഴ്ച വന്നിട്ടില്ല. എന്നാൽ ബജറ്റിൽ പ്രതീക്ഷിച്ചതിനെ അപേക്ഷിച്ച് നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. റവന്യൂ വരുമാനത്തിൽ ഉണ്ടാകുന്ന കുറവോ റവന്യൂ ചെലവിൽ ഉണ്ടാകുന്ന വർദ്ധനവോ മൂലം ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാൻ കഴിയുകയില്ല, എന്നിരുന്നാലും നടപ്പു സാമ്പത്തിക വർഷത്തിലെ അവസാനത്തോടു കൂടി യഥാർത്ഥ കണക്കുകൾ ലഭ്യമായാൽ മാത്രമേ ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാകുകയുള്ളൂ. |
| (സി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതു മൂലമുണ്ടാകുന്ന ഭവിഷ്യത്തുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ? | ധന ഉത്തരവാദിത്ത നിയമം പതിമൂന്നാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള ധനപരമായ ലക്ഷ്യങ്ങൾ ഉൾപ്പെടുത്തി ഭേദഗതി ചെയ്താൽ മാത്രമേ പ്രത്യേകാവശ്യങ്ങൾക്കുള്ള ഗ്രാന്റും ദേശീയ ചെറുകിട സമ്പാദ്യ പദ്ധതിയിൽ നിന്നും 2006-07 വർഷം വരെ എടുത്തിട്ടുള്ളതും 2009-10 വർഷത്തിന്റെ അവസാനം ബാക്കിയുള്ളതുമായ വായ്പകളുടെ പലിശ നേരത്തേയുണ്ടായിരുന്ന 9.5/10.50 ശതമാനത്തിൽ നിന്നും 9 ശതമാനമായി പുനർ നിശ്ചയിച്ച പ്രകാരമുള്ള പലിശയിളവ് ലഭിക്കുകയുള്ളൂവെന്ന് ശുപാർശ ചെയ്തിരുന്നു. ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം ധന ഉത്തരവാദിത്ത നിയമം സംസ്ഥാനം ഭേദഗതി ചെയ്തതിന്റെ അടിസ്ഥാനത്തിൽ, പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് സംസ്ഥാനത്തിന് ലഭിച്ചു വരുന്നു. എന്നാൽ പ്രസ്തുത നിയമത്തിലെ ധനപരമായ |

| | |
|---|---|
| | ലക്ഷ്യങ്ങൾ പാലിച്ചാൽ മാത്രമേ ദേശീയ ചെറുകിട സമ്പാദ്യ പദ്ധതിയിൽ നിന്നുള്ള വായ്പകളുടെ പലിശയിനത്തിലുള്ള ഇളവിന് സംസ്ഥാനങ്ങൾക്ക് അർഹതയുള്ളൂവെന്ന് തുടർന്ന് കേന്ദ്ര സർക്കാർ തീരുമാനിക്കുകയുണ്ടായി. ധന ഉത്തരവാദിത്ത നിയമത്തിലെ ധനപരമായ ലക്ഷ്യങ്ങൾ കൈവരിക്കാത്തതിനാൽ ദേശീയ ചെറുകിട സമ്പാദ്യപദ്ധതിയിൽ നിന്നുള്ള വായ്പകളുടെ പലിശയിളവ് സംസ്ഥാനത്തിന് ഇതുവരെ ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**